24.02.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/02/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് രണ്ടിന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതിയിൽ എൻറോൾമെൻറ് ആരംഭിച്ചു. ഇൻഷുറൻസ് പരിരക്ഷ 10 ലക്ഷം രൂപയാണ്. മത്സ്യബന്ധന സമയത്തും അല്ലാതെയുമുള്ള അപകട മരണമോ അപകടത്തെ തുടർന്ന് സ്ഥിര അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് നിബന്ധനകൾക്കു വിധേയമായി ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. ആളൊന്നിന് 509 രൂപ പ്രീമിയം നൽകി മാർച്ച് 31 വരെ അംഗങ്ങളാകാം. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങളാകേണ്ടത്. കൂടുതൽ വിവരങ്ങൾ മത്സ്യഫെഡ് ജില്ലാ ഓഫീസുകളിൽ

നിന്നും ക്ലസ്റ്റർ ഓഫീസുകളിൽ നിന്നും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കും.

3. എം എസ് സ്വാമിനാഥൻ ഗവേഷണ കേന്ദ്രം കൽപറ്റയിൽ വച്ച് മാർച്ച് മാസം 1,2 തീയതികളിൽ വിത്തുത്സവം സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് വിവിധ കാർഷിക വിഷയങ്ങളിൽ സെമിനാറുകൾ എക്സിബിഷൻ വിത്ത് കൈമാറ്റം എന്നിവ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 04936 204477, 9074490840 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ www.mssrfcabc.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

**പരിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 26 മുതൽ മാർച്ച് 7 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കും സംരംഭകരായ വീട്ടമ്മമാർക്കുമായി **ക്ഷീരോത്പന്ന നിർമ്മാണ പരിശീലന** പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫെബ്രുവരി 24ന് വൈകിട്ട് 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം. കൂടുതൽ വിവരങ്ങൾക്ക് **0471 -2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി. ഒ തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല- കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ വെച്ച് പച്ചക്കറി തൈ ഉത്പാദനം, പച്ചക്കറി തൈകളിലെ



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗ്രാഫ്റ്റിങ് എന്ന വിഷയത്തിൽ ഇന്ന് (24.02.2024) രാവിലെ 10.0 മണി മുതൽ 1 മണി വരെ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495 2935850, 9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി ആന്റ് ക്വാലിറ്റി അഷ്വറൻസ് എന്ന വിഷയത്തിൽ മാർച്ച് 14,15 തീയതികളിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 10.03.2024. കൂടുതൽ വിവരങ്ങൾക്ക് 9750968409, 9940058889 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) വച്ച് മോളിക്യുലാർ ബയോളജി ആന്റ് ബയോടെക്നോളജി ടെക്നിക്സ് എന്ന വിഷയത്തിൽ 2024 ഏപ്രിൽ മാസം മുതൽ 3 മാസത്തെ കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിലേക്കായി സീറ്റുകൾ 15 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ അയക്കേണ്ട അവസാന തീയതി മാർച്ച് 15. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഈമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.